**അടിയന്തരപ്രമേയം**

## പോലീസ് സേനയുടെ രാഷ്ട്രീയവൽക്കരണം

മി. സ്പീക്കർ: പോലീസ് സേനയിലെ ക്രിമിനലുകളുടെ സ്വാധീനവും പോലീസുകാർ പ്രതികളാകുന്ന കേസ്സുകൾ വർദ്ധിക്കുന്നതും കേസ് അന്വേഷണത്തിൽ വീഴ്ച സംഭവിക്കുന്നതുംമൂലം ക്രമസമാധാന നില സംബന്ധിച്ച് സമൂഹത്തിൽ ആശങ്ക ഉളവായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. **ഇതിൽ കറന്റ് ഇൻസിഡന്റ് ഒന്നുംമെൻഷൻ ചെയ്തിട്ടില്ല.**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് സേനയിൽ രാഷ്ട്രീയവൽക്കരണവും ക്രിമിനൽവൽക്കരണവും അധികമാകുന്നുവെന്ന ആശ്ചര്യകരമായൊരു ആരോപണമാണ് പ്രമേയാവതാരകൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇന്നത്തെ കേരളത്തിന്റെ സാഹചര്യം അറിയാവുന്ന

ഒരാൾക്കും സാധാരണഗതിയിൽ ഉന്നയിക്കാൻ കഴിയുന്നൊരു കാര്യമല്ല. കേരളത്തിലെ ക്രമസമാധാനനില മെച്ചപ്പെട്ട നിലയിലാണെന്ന് ഇവിടെ മാത്രമല്ല പൊതുവെ രാജ്യമാകെ അംഗീകരിച്ചിട്ടുള്ള കാര്യമാണ്. ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ പോലീസ് സേനയിലെ അഴിമതിയെക്കുറിച്ച് നടത്തിയ സർവ്വെ പ്രകാരം കേരളാ പോലീസിന് സത്യസന്ധതയ്ക്കും കാര്യക്ഷമതയ്ക്കുമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക് തെളിവുകൾ ശേഖരിക്കുന്നതിൽ മികവ് പുലർത്തിയ സംസ്ഥാന ഫോറൻസിക് ലബോറട്ടറിയിലെ ഉദ്യോഗസ്ഥർക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ നിരവധി അംഗീകാരങ്ങൾ കേരളാ പോലീസിലെ ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ട്. അതിനെക്കുറിച്ചൊന്നും ഇവിടെ പറയുന്നില്ല. കേസന്വേഷണത്തിന്റെ കാര്യത്തിൽ പോലീസ് വളരെ കാര്യക്ഷമമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ഒരു കേസന്വേഷണത്തിലും രാഷ്ട്രീയ ഇടപെടലുകളുണ്ടെന്നോ അന്വേഷണം കാര്യക്ഷമമല്ലെന്നോ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആർക്കും പറയാൻ കഴിയില്ല. പൊതുശ്രദ്ധപിടിച്ചുപറ്റിയ കേസ്സുകളിൽ എല്ലാംതന്നെ പ്രതികളെ കണ്ടെത്താനും സമയബന്ധിതമായി കുറ്റപത്രം

സമർപ്പിക്കാനും പോലീസിന് കഴിഞ്ഞിട്ടുണ്ട്. പത്തനംതിട്ട ഉത്രാവധക്കേസ്, തിരുവനന്തപുരം പാറശ്ശാലയിലെ ഷാരോൺ വധക്കേസ്, പത്തനംതിട്ട ഇലന്തൂരിലെ നരബലി സംഭവം എന്നിവ ഇതിനുദാഹരണങ്ങളാണ്. ഇതിൽ ആദ്യകേസ്സിൽ സമയബന്ധിതമായി കേസന്വേഷണം പൂർത്തിയാക്കി പ്രതി ശിക്ഷിക്കപ്പെട്ടിട്ടുമുണ്ട്. കേസന്വേഷണം ഫലപ്രദമായും ശാസ്ത്രീയമായും നടത്താനുള്ള നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ കേസ്സുകൾ അന്വേഷിക്കുന്നതിന് പ്രത്യേക പോലീസ് സ്റ്റേഷനുകൾ എല്ലാ ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം സാമ്പത്തിക കുറ്റാന്വേഷണത്തിന് പ്രത്യേകവിഭാഗം രൂപീകരിക്കുകയും ചെയ്തു. പോലീസ് സേനയിലേയ്ക്ക് ആദ്യമായി വനിത സബ്ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം നടത്തിയതും ഈ കാലയളവിലാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷ ഉറപ്പുവരുത്താനുമുള്ള പ്രത്യേകവിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. പോലീസ് സേനയിൽ രാഷ്ട്രീയവൽക്കരണമുണ്ടെന്ന ആരോപണം

തീർത്തും അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി 2016 മുതൽ 828 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണമുണ്ടാകുന്ന എല്ലാ സംഭവങ്ങളിലും അന്വേഷണം നടത്തുകയും കഴമ്പുണ്ടെന്നുകാണുന്ന ആരോപണങ്ങൾക്കെല്ലാംതന്നെ ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ ശക്തമായ നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത്. ഗുരുതരമായ കുറ്റകൃത്യങ്ങളിലുൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. 2017-ൽ 1, 2018-ൽ 2, 2019-ൽ 1, 2020-ൽ 2 ക്രിമിനൽ കേസ്സുകളിലുൾപ്പെട്ട വിവിധ റാങ്കുകളിലുള്ള 8 പോലീസ് ഉദ്യേഗസ്ഥരെ ഈ രീതിയിൽ സർവ്വീസിൽനിന്നും പിരിച്ചുവിട്ടുണ്ട്. കൂടാതെ 2022-ലും ക്രിമിനൽ കേസ്സുകളിൽ ശിക്ഷപ്പെട്ട രണ്ട് പൊലീസ് ഉദ്യോഗസ്ഥരെയും അഴിമതി കേസുകളിൽ ശിക്ഷിക്കപ്പെട്ട മറ്റ് രണ്ട് പോലീസ് ഉദ്യോഗസ്ഥരെയും സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. പ്രമേയത്തിൽ ചൂണ്ടിക്കാണിച്ച

പ്രത്യേക സംഭവങ്ങളിൽ ഒന്നിൽപോലും നടപടി എടുക്കാതിരുന്നില്ല. എല്ലാത്തിലും ഉന്നത ഉദ്യോഗസ്ഥരെ അന്വേഷണച്ചുമതല ഏൽപ്പിച്ചുകൊണ്ട് തക്കതായ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്. പ്രമേയാവതാരകൻ പറയുന്നത് 828 പോലീസ് സേനാംഗങ്ങളുടെ പേരിൽ ക്രിമിനൽ കേസ്സുകളുണ്ടെന്നാണ്. 55000 അംഗങ്ങളുള്ള പോലീസ് സേനയിൽ 1.56 ശതമാനമാണ്. 98.44 ശതമാനം സേനാംഗങ്ങൾ ഇത്തരം കുറ്റകൃത്യങ്ങളിൽ പെടാത്തവരാണെന്നതാണ് ഇതിൽനിന്നും ഉരുത്തിരിയുന്ന വസ്തുത. അടുത്തകാലത്ത് വിഴിഞ്ഞത്തെ പ്രതിഷേധസമരങ്ങളുടെ സാഹചര്യത്തിൽ സംസ്ഥാന പോലീസ് പാലിച്ച സംയമനം മാതൃകാപരമാണെന്ന് അംഗീകരിക്കാതിരിക്കാൻ ആർക്കും കഴിയില്ല. സംസ്ഥാനം നേരിട്ട 2018-ലെ മഹാപ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും ഘട്ടത്തിൽ ജനങ്ങൾക്കൊപ്പംനിന്ന് സ്തുത്യർഹമായ സേവനമാണ് പോലീസ് നിർവ്വഹിച്ചതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അത്തരത്തിൽ സമൂഹത്തോടൊപ്പംനിന്നുകൊണ്ട് പ്രവർത്തിക്കുന്ന പോലീസിനെ താറടിച്ചുകാണിക്കാനുള്ള ശ്രമം

പൊതുവെ സമൂഹം അംഗീകരിക്കുകയില്ല എന്നത് നാം ഓർക്കേണ്ടതാണ്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്കരീതിയിലുള്ള ഒരു വിഷയമേയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ ഭാഗത്തുനിന്നും ഇത്തരത്തിലൊരു മറുപടിയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. അങ്ങ്, ഈ നിയമസഭയിൽ ശ്രീ. സജീവ് ജോസഫ് എം.എൽ.എ.-യുടെ ചോദ്യത്തിന് 23-08-2022-ൽ അങ്ങ് നൽകിയ മറുപടിയിൽ 'രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, കുട്ടികൾ (18 വയസ്സിൽ താഴെ)-22297, സ്ത്രീകൾ (പെൺകുട്ടികൾ ഉൾപ്പെടെ)-82267, ട്രാൻസ്ജൻ്ററുകൾ-64, വയോജനങ്ങൾ (60 വയസ്സിനുമുകളിൽ)- 2759, സ്ത്രീപീഡനകേസ്സുകൾ-19273...' എന്ന് പറഞ്ഞിട്ടുണ്ട്. ഇതെല്ലാം കണ്ടിട്ടും അവാർഡ് നൽകിയ ആളുകൾക്ക് ഞാനൊരു അവാർഡ് അങ്ങോട്ട് കൊടുക്കുകയാണ്. ഞാൻ അങ്ങയുടെ റഫറൻസിനുവേണ്ടിയാണ് മറുപടി നൽകിയ തീയതിയുംകൂടി പറഞ്ഞത്. ഏത് രൂപത്തിലാണിത് ഉൾക്കൊള്ളാൻ കഴിയുക. സത്യം പറഞ്ഞാൽ മറുപടി എഴുതിത്തന്നവർ അങ്ങയെ ചെറുതായൊന്ന് തെറ്റിദ്ധരിപ്പിച്ചുവെന്നാണ് എന്റെ വിശ്വാസം. അതവർ

ചെയ്യുതായിരുന്നു. 27-06-2022-ൽ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. അൻവർ സാദത്ത് എന്നിവരുടെ 'സംസ്ഥാനത്ത് 2016 മുതൽ 2020 വരെ എത്ര സ്ത്രീപീഡനകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന' എന്ന ചോദ്യത്തിന് അങ്ങ് നൽകിയ മറുപടി, 13678 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 245 കേസ്സുകളിൽ കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട് എന്നാണ്. അങ്ങ് ഇപ്പോൾ ശതമാനക്കണക്ക് പറഞ്ഞല്ലോ; ഇത്രയും ചെയ്തിട്ടും 1.79 ശതമാനം ആളുകളെ മാത്രമേ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞുള്ളൂ. പോലീസെല്ലാം വളരെ കൃത്യമാണ്, അവർ കൃത്യമായി എല്ലാകാര്യങ്ങളും ചെയ്യുന്നവരാണെന്ന് അങ്ങയെ എങ്ങനെയാണ് തെറ്റിദ്ധരിപ്പിച്ചതെന്ന് എനിക്കറിയില്ല. ഞാനൊരു ഉദാഹരണം പറയാം. തൃക്കാക്കര പീഡനകേസിലെ പ്രതി സി. ഐ., സുനു 6 സ്ത്രീ പീഡനകേസുകളിലെ പ്രതിയും 15 തവണ വകുപ്പുതല അന്വേഷണത്തിന് വിധേയനായ വ്യക്തിയുമാണ്. എന്നിട്ടും അയാളെ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ നിയമിച്ചിട്ടുണ്ടെന്ന റിക്കോർഡ് അങ്ങ് പരിശോധിക്കണം. നിയമസഭയിലിത്

പറയുന്നതിനുവേണ്ടി അങ്ങയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ദയവായി അങ്ങ് ഇവർ പറയുന്ന ത്രുപത്തിൽ വീഴരുത് എന്നാണ് എനിക്ക് ഓർമ്മിക്കാനുള്ളത്. പോലീസിന്റെ " മൃദു ഭാവെ ദൃഢ കൃത്യെ" എന്ന മോട്ടോയെക്കുറിച്ച് അങ്ങേയ്ക്ക് കൃത്യമായി അറിയാമല്ലോ; ഭാവം മൃദുവാണ്. പക്ഷെ, നല്ല ദൃഢമായിത്തന്നെ സ്ത്രീ പീഡനക്കേസുകൾ നടത്തിക്കൊണ്ടിരിക്കുന്നു. (...ബഹളം...) നിങ്ങൾ വെറുതെ സംസാരിക്കുന്നതെന്തിനാണ്; ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും സംസാരിക്കുമ്പോൾ നിങ്ങൾക്കെന്ത് റോളാണുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, അങ്ങ് ചെയറിനെ അഡ്രസ് ചെയ്തുകൊണ്ട് സംസാരിച്ചാൽമതി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ചെയറിനെ നോക്കാത്തതല്ല പ്രശ്നം. എനിക്ക് മുന്നോട്ടല്ലേ നോക്കാൻ സാധിക്കുകയുള്ളൂ. ഞാൻ ചെയറിനെയും നോക്കിക്കൊള്ളാം. പക്ഷെ, ഇവരെ ആരാണ് ഓതറൈസ് ചെയ്തത്; ബഹുമാനപ്പെട്ട സ്പീക്കർ ഓതറൈസ് ചെയ്തില്ലെന്ന് എനിക്ക് നല്ല ഉറപ്പാണ്. പിന്നെ ഇവർക്കെവിടെനിന്നാണ് ഈ അധികാരം ലഭിച്ചത്; അത് ശരിയല്ല.

സംസ്ഥാനത്ത് 19 പോലീസ് ജില്ലകളുണ്ട്. അവിടെയെല്ലാം പിങ്ക് പോലീസിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിലെ 9 ജില്ലകളിൽ ഒരു കേസുപോലും അവർക്ക് പിടിക്കാൻ പറ്റിയിട്ടില്ല. വേണമെങ്കിൽ അങ്ങേയ്ക്ക് ഞാൻ ലിസ്റ്റ് തരാം. പ്രസ്തുത ലിസ്റ്റിൽ കൊല്ലം ജില്ലയിൽ പിങ്ക് പോലീസ് രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം-0, പിടിച്ചത് പൂജ്യമാണെങ്കിൽ അന്വേഷണത്തിന്റെ എണ്ണവും ബാക്കി കാര്യങ്ങളും പൂജ്യമായിരിക്കുമല്ലോ. ആലപ്പുഴ ജില്ലയിൽ പിടിച്ച കേസുകളുടെ എണ്ണം-0. എറണാകുളം-0, തൃശ്ശൂർ സിറ്റി-0, പാലക്കാട്-0, മലപ്പുറം-0, കോഴിക്കോട്-0, കോഴിക്കോട് റൂറൽ -0, വയനാട്-0, കണ്ണൂർ റൂറൽ-0, കാസർഗോഡ്-0 എന്നിങ്ങനെയാണ് കണക്ക്. പിന്നെ പിങ്ക് പോലീസ് എന്തിനാണ്; ഇവിടെ ഇക്കാര്യങ്ങളൊക്കെ നടക്കുമ്പോൾ ഈ സ്ഥലത്തൊന്നും യാതൊരു കുറ്റകൃത്യവും നടന്നിട്ടില്ലേ; ആളുകളെല്ലാം വളരെ ശാന്തമായി, മാവേലി മന്നനെ തൊഴുത് നടക്കുകയാണോ; ഒരു കേസെടുക്കാൻപോലും അവർക്ക് പറ്റിയിട്ടില്ല. എന്നിട്ടും അവർക്ക് അവാർഡ് നൽകിയ ആളുകളെ എങ്ങനെയാണ് ആദരിക്കാതിരിക്കുക?

ആദ്യം ലഹരിക്കടിമയാക്കി. പിന്നീട് സ്കൂൾ ബാഗിൽ മയക്കുമരുന്ന്

കടത്ത് നടത്തുന്നതിനായി പെൺകുട്ടികളെ ആയുധമാക്കി. കോഴിക്കോട് റൂറലിലുണ്ടായ സംഭവമാണിത്. അടുത്ത കാലത്ത് മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. ഇതുപോലെയുള്ള ഒട്ടനവധി കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, വയനാട്ടിൽ പട്ടികജാതിയിൽപ്പെട്ട, പോക്സോ കേസിലെ ഇരയായ കുട്ടിയെ തെളിവെടുപ്പിനായി കൊണ്ടുപോകുന്നവഴിക്ക് അമ്പലവയൽ എ.എസ്.ഐ. പീഡിപ്പിച്ചു. എന്തൊരു കഷ്ടമാണ്. രക്ഷനേടാനാണ് പോലീസിന്റെ അഭയം തേടുന്നത്. ഡ്യൂട്ടിക്കിടയിലാണ് ഈ കുറ്റകൃത്യം ചെയ്തിരിക്കുന്നത്. അതുതന്നെ ഡ്യൂട്ടിയാണ്. അതിന് നമ്മൾ ശമ്പളം നൽകുകയാണ്. ട്രഷറിയിൽനിന്നും കാശ് വാങ്ങുന്നത് ഈ പണിക്കാണോ; ഇരയാക്കപ്പെട്ട കുട്ടി വനിതാ പോലീസിനോട് പരാതി പറഞ്ഞെങ്കിലും അവർ കേട്ടഭാവം നടിക്കാതെ തലതിരിച്ച് നടന്നു. ഇതാണ് നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന വിവരം അങ്ങ് കൃത്യമായി ബോധ്യപ്പെടണമെന്ന് ഞാൻ കരുതുകയാണ്.

സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്തൊരു സംസ്ഥാനമായി കേരളം മാറുകയാണ്. ക്ലിഫ് ഹൗസും മന്ത്രി മന്ദിരങ്ങളുമുള്ള, ഞങ്ങളടക്കം താമസിക്കുന്ന തിരുവനന്തപുരത്ത് കഴിഞ്ഞ ഒക്ടോബർ, നവംബർ

മാസങ്ങളിൽ എത്ര അതിക്രമങ്ങളാണ് നടന്നത്; ഒക്ടോബർ മാസം 26-നും നവംബർ 24, 25, 28 എന്നീ തീയതികളിലെല്ലാം സ്ത്രീകൾക്കെതിരായ അക്രമങ്ങൾ നടന്നു. അതിൽ ഒരു വനിതാ ഡോക്ടർക്കെതിരെയും അതിക്രമമുണ്ടായി. പ്രധാനപ്പെട്ടൊരു റോഡിലൂടെ പോയ പാവപ്പെട്ടൊരു സ്ത്രീയെ ആക്രമിച്ചില്ലേ; സർക്കാർ ഇതൊന്നും കണ്ടില്ലേ; ഡൽഹിയിൽനിന്നും ലഭിച്ച അവാർഡിന്റെ പേരുപറഞ്ഞ് നമ്മുടെ മൂക്കിനുതാഴെ നടന്ന കാര്യങ്ങളെ തമസ്കരിക്കാൻ ശ്രമിക്കുന്നത് ശരിയാണോ?

നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഈ തെറ്റായ പ്രവർത്തനത്തെ ഏത് രൂപത്തിലാണ് നമുക്ക് ന്യായീകരിക്കാൻ കഴിയുന്നത്; 'ബിസിനസ്സ് തട്ടിയെടുത്തതിനുശേഷം പട്ടികജാതിക്കാരിയായ യുവതിയെ ക്രൂരമായ പീഡനത്തിന് ഇരയാക്കിയ പ്രതിയെ സംരക്ഷിച്ച് എറണാകുളത്തെ നോർത്ത് പോലീസ് '. ഇവിടെയുള്ള ഇന്റലിജൻസിന് ഇതൊന്നും അറിയില്ലേ; അവർക്ക് റിപ്പോർട്ടില്ലേ; അതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ; നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഈ തെറ്റായ പ്രവർത്തനത്തെ ഇവിടെ എതിർക്കാതിരിക്കാനാവില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതെല്ലാമറിഞ്ഞ് പ്രസ്തുത ആളുകൾക്കെതിരെ

നടപടിയെടുക്കുമെന്നും അവരുടെ തലയിൽനിന്നും കേരള പോലീസിന്റെ തൊപ്പി ഊരിക്കുമെന്നുമാണ് ഞാൻ കരുതിയത്. പക്ഷെ, സുനു എന്നുപറയുന്ന ആൾ ഒരു സർക്കിൾ ഇൻസ്പെക്ടറാണ്. നിയമം പാലിക്കേണ്ട ഈ പോലീസുകാരനാണ് ഭർത്താവ് ജയിലിലായ തക്കംനോക്കി ഭവനത്തിൽ അതിക്രമിച്ചുകയറി വീട്ടമ്മയെ കൂട്ടബലാത്സംഗം ചെയ്തത്. അത് തെറ്റല്ലേ; 6 ക്രിമിനൽ കേസുകളും 15 വകുപ്പുതല അന്വേഷണവും ശിക്ഷാനടപടികൾക്കും വിധേയനായ ഈ സ്റ്റേഷൻ മേധാവിക്ക് വീണ്ടും പോലീസ് സ്റ്റേഷന്റെ ചാർജ്ജ് കൊടുത്തിരിക്കുകയാണ്. പിന്നെ എങ്ങനെയാണ് അക്രമം ആവർത്തിക്കാതിരിക്കുക?

പരാതിയുമായി പോലീസ് സ്റ്റേഷനിലെത്തിയ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനിയെ ഭീഷണിപ്പെടുത്തി കാറിൽ കയറ്റിക്കൊണ്ടുപോയി പീഡിപ്പിച്ചത് കേരളത്തിലെ മാധ്യമങ്ങളിൽ വന്നതാണ്. കേരളത്തിലെ ചില മാധ്യമങ്ങളുടെ പേര് പറയുമ്പോൾ നിങ്ങൾ ഹാസ്യ ചിരിയോടുകൂടി 'ഹോ, അവരല്ലേ. അവരിത് പറയും' എന്നുപറയും. ഇത്തരം ക്രിമിനൽ കേസുകൾ റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലുമൊരു മാധ്യമം കേരളത്തിലുണ്ടോ; എല്ലാ മാധ്യമങ്ങളും കള്ളം പറയുന്നുവെന്ന്

പറയാൻ സാധിക്കുമോ; കേരളത്തിലെ ഏറ്റവും തീവ്രമായ പ്രശ്നത്തിനുനേരെ ഗവൺമെന്റ് കണ്ണടയ്ക്കുന്ന രൂപത്തിലാണ് നിൽക്കുന്നത്. യൂണിഫോമിട്ട് ഔദ്യോഗിക വാഹനത്തിൽ യുവതിയുമായി കറങ്ങുകയും ആ യുവതിയെ പീഡിപ്പിക്കുകയും ചെയ്ത കേസുണ്ട്. തൃശ്ശൂരിലെ ഒരു ഹോട്ടലിൽനിന്ന് അനാശാസ്യത്തിന് പിടിച്ച യുവതിയെയും പോലീസുകാരൻ വിനിയോഗിച്ചു. ഇതെല്ലാം ഒഫീഷ്യലാണോ? നമ്മുടെ ട്രഷറിയിൽനിന്ന് ശമ്പളം വാങ്ങുന്നവരാണ് ഇത് ചെയ്യുന്നത്. ഇതിനെയെല്ലാം അങ്ങ് ന്യായീകരിക്കരുത്. ഇങ്ങനെ നിരവധി കേസുകളിൽ പ്രതിയായ ഒരാളെയാണ് ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. ആയി നിയമിച്ചത്. ഇങ്ങനെയൊരാൾ എസ്.എച്ച്.ഒ. ആയിക്കഴിഞ്ഞാൽ പിന്നെ ആ സ്റ്റേഷന്റെ കീഴിലുള്ള സ്ത്രീകൾക്ക് എന്തുചെയ്യാൻ സാധിക്കും; അവർക്ക് പ്രാണരക്ഷാർത്ഥം മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് പോകുകയല്ലാതെ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ; ഈ രൂപത്തിലുള്ള കേസുകൾ വരുമ്പോൾ അതിന്മേൽ നടപടിയെടുക്കേണ്ടതല്ലേ; ഷാരോൺ കേസ് സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ മൊഴി വന്നതിനുശേഷമാണ് ഷാരോൺ കേസിൽ അന്വേഷണം നടത്തിയത്.

പോലീസ് അതുവരെ ഉറങ്ങുകയായിരുന്നോ; കേരളത്തിലെ എല്ലാ പോലീസുകാരും മോശക്കാരാണെന്ന് എനിക്കഭിപ്രായമില്ല. നല്ല പോലീസുകാരുണ്ട്. പക്ഷെ, അവർ ഇരിക്കുന്നത് ബാരക്കിലാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 10 മിനിട്ടായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് വളരെ ഗൗരവമായൊരു വിഷയമാണ്. തലശ്ശേരിയിലും പ്രശ്നമുണ്ടായല്ലോ. അവിടെ ഇരിക്കുമ്പോൾ എന്തിനാണ് അങ്ങയെ കുത്തി വേദനിപ്പിക്കുന്നതെന്ന് കരുതിയാണ് ഞാനത് മനഃപൂർവ്വം പറയാതിരുന്നത്. അതുപോലെ അങ്ങ് എന്നോടും ചെയ്യരുത്. മ്യൂസിയത്ത് വനിതാ ഡോക്ടറെ ആക്രമിച്ച കേസിൽ പുലർച്ചെ 5 മണിയോടുകൂടി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ടും എന്തെങ്കിലും നടപടിയെടുത്തോ; രാവിലെ ഓഫീസിലേയ്ക്ക് പോകുംവഴിയാണ് അവർ മൊഴി നൽകാൻ പോയത്. പോലീസിന്റെ നിഷ്ക്രിയത്വം കാരണം സ്വന്തം നിലയിൽ സ്വകാര്യ സ്ഥാപനത്തിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ശേഖരിച്ചാണ് അവസാനം പോലീസിന് തെളിവുകൾ കൈമാറിയത്. അതുവരെ പോലീസ് ഉറങ്ങുകയായിരുന്നോ; എന്ത് നടപടിയാണ് എടുത്തത്;

കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനായി നടപടിയെടുക്കേണ്ട പോലീസ് ഈ രൂപത്തിൽ വഴിവിട്ട് പോകുന്നതിനെ ഗവൺമെന്റുകൂടി സഹായിച്ചാൽ പിന്നെ ഈ പോലീസുകാരൻ എവിടെപ്പോയി നിൽക്കുമെന്ന് ഞാൻ പറയേണ്ടതുണ്ടോ?

രാത്രി നടത്തത്തെ കറിച്ച് പറയുന്ന ആളുകളല്ലേ നമ്മൾ. കോട്ടയത്ത് ഗാന്ധി പ്രതിമയുടെ തൊട്ടടുത്ത് രാത്രി നടത്തത്തിനുപോയ ഒരു പെൺകുട്ടിക്കുണ്ടായ വിഷമത്തെ കുറിച്ച് ജനാധിപത്യ മഹിളാ ഫെഡറേഷന്റെ ആളുകൾക്കുപോലും നിങ്ങളുടെ ഗവൺമെന്റിരിക്കുമ്പോൾ പ്രതിഷേധിക്കേണ്ടി വന്നില്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുപോലുള്ളൊരു സർട്ടിഫിക്കറ്റ് പോലീസിന് കൊടുക്കുമ്പോൾ അതും കയ്യിൽ വച്ചുകൊണ്ട് നിങ്ങൾക്കും അവിടെ പ്രതിഷേധത്തിന് വരേണ്ടിവന്നില്ലേ; സി.എം.എസ്. കോളേജിലെ കുട്ടിയെ ആക്രമിച്ചതിന് എന്ത് മറുപടിയാണ് പറയുവാനുള്ളത്; നമ്മുടെ പെൺകുട്ടികൾക്ക്, പ്രായമെത്താത്ത കൊച്ചുകുട്ടികൾക്കുപോലും ഇത്തരം വിഷമങ്ങൾ അനുഭവിക്കേണ്ടി വരുന്നു.

തലശ്ശേരിയിൽ കാറിൽ ചാരിനിന്ന കൊച്ചു കുട്ടിയെ ഒരു വ്യക്തി ചവിട്ടുന്നതും നമ്മൾ കണ്ടതല്ലേ; എന്ത് കേസാണുണ്ടായത്; എന്ത്

നടപടിയാണെടുത്തത്; ഇതൊക്കെ കേരളത്തിലെ ഏറ്റവും സീരിയസ്സായ ഇഷ്യൂസാണ്. ശ്രീ. ജേക്കബ് പുന്നൂസ് എന്ന ഡി.ജി.പി.യെ അങ്ങ് ഓർക്കുന്നുണ്ടാകും. അദ്ദേഹത്തിന്റെ ഒരു റിപ്പോർട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിക്കണം. കേരളത്തിലെ പോലീസിനകത്ത് ക്രിമിനലുകളുണ്ടെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറയുകയാണ്. അങ്ങനെ ഇല്ലെന്ന് അങ്ങ് പറഞ്ഞാൽ ഞാൻ തെളിയിക്കാൻ തയ്യാറാണ്. ആകെ 744 ക്രിമിനലുകൾ... പീഡനക്കേസിലെ പ്രതികൾ 38. പോലീസ് പ്രതിയായ 828 കേസുകൾ. അതിൽ ശിക്ഷിക്കപ്പെട്ടത് തുച്ഛം മാത്രം. ബാക്കിയുള്ളതെല്ലാം രക്ഷപ്പെട്ടു. ഈ തെറ്റായ പ്രവർത്തനത്തെ എതിർക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ഭരണകക്ഷി, പ്രതിപക്ഷം എന്ന നിലയിൽ മാത്രമല്ല ഞാനിതിനെ കാണുന്നത്. ഞങ്ങളിവിടെ പറയും. കാരണം ഗവൺമെന്റ് കുടപിടിക്കുന്നതുകൊണ്ടാണ് ഈ അക്രമങ്ങൾ പത്തിവിടർത്തിയാടുന്നത്. ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഇതിനൊരു പരിഹാരം ഉണ്ടാകുമായിരുന്നു. ഇത് സമൂഹത്തിന്റെ പ്രശ്നമാണ്. കുട്ടികളെ പള്ളിക്കൂടത്തിൽ വിടാൻ രക്ഷകർത്താക്കൾക്ക് പേടിയാണ്. കേരളം വളരെ ഭീതിജനകമായൊരു സാഹചര്യത്തിൽ നിൽക്കുകയാണ്. അതിൽ നടപടി

എടുക്കുന്നതിനുപകരം ഭംഗ്യന്തരേണ പ്രസ്തുത പോലീസുകാരെ രക്ഷപ്പെടുത്തുന്ന രൂപത്തിൽ അങ്ങിവിടെ മറുപടി പറഞ്ഞത് ദൗർഭാഗ്യകരമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ആ തെറ്റ് ആവർത്തിക്കാതിരിക്കണം. അവർക്കെതിരായി നടപടിയെടുക്കണം. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സാധിക്കുന്ന എല്ലാ നടപടിയുംവച്ച് കേസെടുത്ത് അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ചുകൊണ്ട് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുന്നതിൽ അങ്ങ് ഉത്സുകനാണ്. രണ്ടുമൂന്നെണ്ണം ചർച്ച ചെയ്തു. ഇക്കാര്യവും നമുക്ക് ചർച്ച ചെയ്യാം. ഇത് സമൂഹത്തെ ഒരുപോലെ ബാധിക്കുന്നതാണ്. അതുകൊണ്ട് ഇത് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ പരിണതപ്രജ്ഞനായ ഒരാൾ പോലീസിനെക്കുറിച്ച് ഒരു അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ട് ഇങ്ങനെ ചീറ്റിപ്പോകുക എന്നുപറയുന്നത് നമ്മുടെ നിയമസഭയുടെ അനുഭവത്തിൽ

ഇതുവരെയുണ്ടായിട്ടില്ലെന്നാണ് തോന്നുന്നത്. അതാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഓർമിക്കേണ്ടത്. എന്തുകൊണ്ടാണ് അദ്ദേഹത്തിന് പോലും ഈ വിഷയം വലിയ ഗൗരവത്തോടെ അവതരിപ്പിക്കാൻ കഴിയാതിരുന്നത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ച കാര്യങ്ങൾ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ചാണ്. കേസ്സുകൾ നമ്മുടെ സംസ്ഥാനത്ത് നല്ല രീതിയിൽ തന്നെ രജിസ്റ്റർ ചെയ്യുന്നുണ്ട്. അത് സംസ്ഥാനത്തിന്റെ പൊതുവായൊരു ബോധത്തിന്റെ ഭാഗമായിത്തന്നെ വരുന്ന കാര്യവുമാണ്. കാരണം നിയമബോധം അവകാശബോധം ഒക്കെ നല്ല നിലയ്ക്ക് നമ്മുടെ സമൂഹത്തിലുണ്ട്. അതുകൊണ്ടുതന്നെ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് ഏതെങ്കിലും തരത്തിൽ തെറ്റായ കാര്യമായി കാണേണ്ടതായിട്ടില്ല. സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ പരാതി ലഭിക്കുമ്പോൾ പോലീസ് കാര്യക്ഷമമായി നടപടികൾ സ്വീകരിക്കുന്നുവെന്നതിന്റെ തെളിവുകൂടിയാണത്. ഇത്തരം കേസ്സുകളിൽ ഏതെങ്കിലും തരത്തിലുള്ള പാകപ്പിഴ അന്വേഷണത്തിലുണ്ടായെന്ന് പറയാൻ കഴിയുമോ? ഇവിടെ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പേരിലുള്ള കേസ്സിന്റെ എണ്ണം ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. അത് കുറച്ചധികമാണെന്ന്

അദ്ദേഹം പറഞ്ഞു. അതിലേതെങ്കിലും കേസ്സുകൾ അദ്ദേഹം ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുമ്പോഴുള്ള കേസ്സുകളാണോ എന്നുകൂടി അദ്ദേഹം അന്വേഷിക്കുന്നത് നന്നാകുമെന്നാണ് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾ ആക്രമിക്കപ്പെടുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. തിരുവനന്തപുരത്ത് പ്രഭാത സവാരിക്കുപോയ വനിതയെ മ്യൂസിയം പരിസരത്ത് ആക്രമിച്ച പ്രതിയെ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പിടികൂടാൻ കഴിഞ്ഞുവെന്നത് വസ്തുതയാണ്. അതുപോലെ തലശ്ശേരിയിൽ കാറിൽ ചാരി നിന്ന കുട്ടിയ ആക്രമിച്ച പ്രതിയെ അറസ്റ്റ് ചെയ്യുകകയും  വധശ്രമത്തിന് കേസെടുത്ത് റിമാൻഡ് ചെയ്യുകയും ചെയ്തിരുന്നു. അത്തരം കാര്യങ്ങളൊക്കെ അതീവ ഗൗരവമായിത്തന്നെയാണ് പോലീസ് കൈകാര്യം ചെയ്യുന്നതെന്ന് നാം കാണേണ്ടതാണ്. അദ്ദേഹം പരാമർശിച്ച പോലീസ് ഉദ്യോഗസ്ഥൻ നിരവധി ക്രിമിനൽ കേസ്സിൽ പ്രതിയാണ്. അദ്ദേഹത്തെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്തി വരികയാണ്. അമ്പലവയൽ പോക്സോ കേസ് ഇരയെ തെളിവെടുപ്പിനിടെ എ.എസ്.ഐ പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന പരാതിയുണ്ടായി. അക്കാര്യത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് വയനാട് സ്പെഷ്യൽ മൊബൈൽ

യൂണിറ്റ് ഡി.വൈ.എസ്.പി അന്വേഷിച്ചു വരികയാണ്. ഇത്തരം കാര്യങ്ങളിലൊന്നും ഒരു വിട്ടുവീഴ്ചയും ചെയ്യുന്നില്ലെന്നാണ് നാം കാണേണ്ടത്. കേസ്സുകളുടെ എണ്ണം പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ പോലീസ് സേനയിൽ പലഘട്ടങ്ങളിലും ഇത്തരത്തിലുള്ള ചില ഉദ്യോഗസ്ഥരുണ്ടായിട്ടുണ്ട്. 2014 ഡിസംബർ 15-ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല മറുപടി പറയുമ്പോൾ ക്രിമിനൽ കേസ്സിൽ പ്രതിയായിട്ടുള്ളവരും കുറ്റവിമുക്തരായിട്ടുള്ളവരുമായ 976 പേർ നിലവിൽ പോലീസിൽ തുടരുന്നുണ്ടെന്ന് അന്ന് പറഞ്ഞിട്ടുണ്ട്. ഇത് വർദ്ധിക്കുകയല്ല ചെയ്തത് ഇപ്പോൾ 828 പ്രതികളാണുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇല്ലെന്നാണ് അന്ന് പറഞ്ഞത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആരുമില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം മറന്നുപോയതുകൊണ്ടാണ്. പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി ആവർത്തിക്കേണ്ടതുണ്ടോ? ഞാൻ നേരത്തെ പറഞ്ഞ കാര്യം അങ്ങയുടെ ഓർമ്മക്കായി ഒന്നുകൂടി പറയുകയാണ്. സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി 2016 മുതൽ 828 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ

ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണമുണ്ടാകുന്ന എല്ലാ സംഭവങ്ങളിലും അന്വേഷണം നടത്തുകയും കഴമ്പുണ്ടെന്ന് കാണുന്ന ആരോപണങ്ങളിലെല്ലാം തന്നെ ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ ശക്തമായ നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്. എന്നിട്ടാണ് പിരിച്ചുവിട്ടവരുടെ കാര്യം ഞാൻ പറഞ്ഞത്. 2017-ൽ 1, 2018-ൽ 2, 2019-ൽ 1, 2020-ൽ 2 ഉൾപ്പെടെ 8 പേർ. 2022-ൽ ക്രിമിനൽ കേസ്സിൽ ശിക്ഷിക്കപ്പെട്ട രണ്ട് പോലീസ് ഉദ്യോഗസ്ഥരെയും അഴിമതിക്കേസ്സിൽ ശിക്ഷിക്കപ്പെട്ട 2 പേരെയും സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. അത്രയും കാര്യങ്ങൾ ഞാൻ നേരത്തെ പറഞ്ഞതാണ്. ബഹുമാനപ്പെട്ട അംഗം ഓർക്കാത്തതുകൊണ്ടാണ് അവിടെ ഇരുന്നുകൊണ്ട് അങ്ങനെയൊരു കമന്റ് പറഞ്ഞതെന്ന് തോന്നുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഓർക്കാത്തത് കൊണ്ടല്ല. എണ്ണൂറ്റിചില്വാനം കേസ്സുകളുള്ളതിൽ നടപടി സ്വീകരിച്ച് ആളുകളെ പിരിച്ചുവിട്ടുവെന്നുൾപ്പെടെ പറഞ്ഞത് ഏഴ് പേരാണ്. ബാക്കിയുള്ള നടപടിയെന്താണ്? അതാണ് നമ്മുടെ പോയിന്റ് 887 എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ ഓർമിപ്പിച്ചെന്ന് എനിക്ക് തോന്നുന്നു.

ഞാൻ അത് സമ്മതിച്ചു. അതിനകത്ത് നടപടി വരുന്നത് പത്തിൽ താഴെ മാത്രമാണ്. അതാണ് പ്രശ്നം അതാണ് ഇവർക്ക് കൂടുതൽ ആക്രമം കാണിക്കുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനമുണ്ടാകുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പ്രോത്സാഹനം വരുന്നത് എങ്ങനെയാണ്? ഒരു നടപടിയുണ്ടായി, ഒരു തെറ്റായ കാര്യം സംഭവിച്ചു. ആ തെറ്റായ കാര്യം കണ്ടില്ലെന്ന് നടിച്ച് അതിന്മേൽ ഒരു നടപടിയും ഉണ്ടാകാതിരുന്നാൽ തെറ്റായ കാര്യം ആവർത്തിക്കുന്നതിന് അദ്ദേഹത്തിന് പ്രോത്സാഹനമാകും. ഇവിടെ അതല്ല. ഇവിടെ ശക്തമായ നടപടിയാണ്. തെറ്റിനെതിരെയുള്ള ശക്തമായ നടപടിയെടുത്തുകൊണ്ടാണ് പോകുന്നത്. അതിന്റെ ഭാഗമായി സസ്പെൻഷനുണ്ട്, കേസ്സുണ്ട്, അന്വേഷണത്തിൽ തെളിയുന്നമുറയ്ക്ക് മറ്റ് നടപടികളിലേക്ക് നീങ്ങുന്നുണ്ട്. അതീവ ഗുരുതരമായ കാര്യങ്ങൾ വരുമ്പോൾ അതിനനുസൃതമായ മറ്റ് നടപടികളിലേക്കും കടക്കുന്നുണ്ട്. അതെല്ലാം നമ്മുടെ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മെമ്പർ മറക്കേണ്ടതില്ലെന്നാണ് എനിക്ക് അത് സംബന്ധിച്ച് പറയാനുള്ളത്. പോലീസ് സേന ക്രിമിനൽവൽക്കരിക്കപ്പെട്ടുവെന്നത് നേരത്തെ തന്നെ

ഞാൻ നിഷേധിച്ചിട്ടുള്ള കാര്യമാണ്. എന്നാൽ ഒരു കാര്യം, എവിടെയെങ്കിലും സംസ്ഥാനത്ത് ഒരു കസ്റ്റഡി മരണം സംഭവിച്ചാൽ അപ്പോൾ തന്നെ പോലീസ് അല്ല അന്വേഷിക്കേണ്ടത് മറ്റൊരു ഏജൻസിയായ സി.ബി.ഐ. അന്വേഷിക്കുമെന്ന നിലാപാടാണ് എടുത്തിട്ടുള്ളത്. അത് ഇവിടെയുള്ള പ്രശ്നങ്ങൾ ഗൗരവമായി കാണണമെന്നും ഇത്തരത്തിലുള്ള കസ്റ്റഡി മരണങ്ങൾ ഉണ്ടാകാതിരിക്കണമെന്നുമുള്ള നിർബന്ധബുദ്ധിയുടെ ഭാഗമായിട്ടുതന്നെയാണ്. അത്തരത്തിലുള്ള അതിക്രമങ്ങളുണ്ടായ സംഭവങ്ങളിൽ ശക്തമായ നടപടിയാണല്ലോ എടുത്തത്. അത്തരം കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ല. മൂന്നാംമുറ ചിലയിടത്ത് സംഭവിക്കുന്നുണ്ടാകാം. കസ്റ്റഡി മരണങ്ങൾ, കസ്റ്റഡി മർദ്ദനങ്ങളുടെ ഭാഗമായിട്ടുള്ള മരണങ്ങൾ നേരത്തെ സംഭവിച്ചിട്ടുണ്ടാകാം. ഇതിനോടൊക്കെ സീറോ ടോളറൻസാണ് സംസ്ഥാന സർക്കാരിനുള്ളത്. പോലീസ് സംവിധാനത്തെ ഏതെല്ലാം തരത്തിൽ തെറ്റായി ഉപയോഗിച്ചിരുന്നുവെന്ന ചരിത്രത്തിലേക്കൊന്നും ഞാനിപ്പോൾ പോകാനുദ്ദേശിക്കുന്നില്ല. കാരണം, നമ്മുടെ കേരളത്തിലെ പോലീസെന്നുപറയുന്നത് കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷമുണ്ടായ പോലീസല്ല. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ

തുടർച്ചയായി വന്ന പോലീസാണ്. അതിന്റെ ഭാഗമായിത്തന്നെ ജനകീയ സമരങ്ങളെയും മറ്റും അടിച്ചമർത്താനും ജനങ്ങളെ ശത്രുവായിക്കണ്ടുള്ള നടപടികളാണ് അവർ സ്വീകരിച്ചിരുന്നത്. അത് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും വലിയ മാറ്റമില്ലാതെ തുടരുന്ന അവസ്ഥയാണുണ്ടായത്. കേരള സംസ്ഥാനം രൂപംകൊണ്ടതിനുശേഷം 1957 -ൽ ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് രൂപീകൃതമായപ്പോൾ ഒരു പുതിയ പോലീസ് നയം കൊണ്ടുവന്നു. അതനുസരിച്ച് പോലീസ് ലോക്കപ്പ് ആളുകളെ ഹിംസിക്കാനുള്ള കശാപ്പുശാലയല്ല, മൂന്നാം മുറ പാടില്ല, തൊഴിൽ സമരങ്ങളിലും പ്രക്ഷോഭങ്ങളിലും പോലീസ് ഇടപെടരുത്, ജനങ്ങൾക്കെതിരെ സ്ഥാപിതതാത്പര്യക്കാർക്ക് ഒപ്പംനിന്ന് സാധാരണഗതിയിൽ നടന്നുകൊണ്ടിരുന്ന ഒരു അടിച്ചമർത്തൽ സംവിധാനമായി പോലീസ് നീങ്ങാൻ പാടില്ല തുടങ്ങിയ നിർദ്ദേശങ്ങൾ കൊണ്ടുവന്നു. അതിന്റെ തുടർച്ചയായിത്തന്നെ ഇവിടെ 2016 മുതൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് സ്വീകരിച്ച നയം എന്താണെന്ന് പൊതുസമൂഹത്തിന് നല്ല ബോധ്യമുള്ളതാണ്. സമൂഹത്തിൽ നേരത്തേ നടപ്പാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി പോലീസ്

തുടങ്ങിയവയുടെ ഭാഗമായി നല്ലതോതിൽ പോലീസ് സേനയുടെ സാമൂഹ്യപങ്കാളിത്തം വർദ്ധിച്ചിരിക്കുന്നുവെന്നത് നാം കാണേണ്ടതായിട്ടുണ്ട്. എല്ലാ ഘട്ടത്തിലും ജനങ്ങളോടൊപ്പം നീങ്ങുന്ന പോലീസ് സേനയാണ് കേരളത്തിൽ ഇപ്പോഴുമുള്ളത്. കേരളാ പോലിസിന്റെ കുറ്റാന്വേഷണ മികവ് ഞാൻ നേരത്തേതന്നെ പറയുകയുണ്ടായി. പോലിസ് സേനയിലുണ്ടായിട്ടുള്ള ആധുനികവത്കരണം ഇതിന്റെ ഭാഗമായി നാം കാണേണ്ടതായിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മാതൃകാപരമായ നടപടികൾ ഇവിടെ സ്വീകരിച്ചുവരികയാണ്. പോക്സോ കേസുകൾ സമയബന്ധിതമായി വിചാരണനടത്തി തീർപ്പുകൽപ്പിക്കാൻ 58 പുതിയ പ്രത്യേക കോടതികൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു. 2016 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള 504 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് വലിയതോതിൽ ആരംഭിച്ചു. സ്ത്രീധനവുമായി ബന്ധപ്പെട്ട കേസുകളിൽ പോലീസ് നടപടികൾക്കൊപ്പം ശക്തമായ സാമൂഹ്യബോധവത്കരണവും കൗൺസിലിംഗും നടക്കുന്നുണ്ട്. തുമ്പില്ലായെന്ന് വിലയിരുത്തപ്പെട്ട കേസുകളിൽപ്പോലും പ്രത്യേക

ശ്രദ്ധപതിപ്പിച്ച് തെളിവുകൾ ശേഖരിച്ച് യഥാർത്ഥ പ്രതികളെ കണ്ടെത്തുകയാണ്. ആശ്രമം കത്തിച്ച സംഭവമുണ്ടായത് നമ്മുടെ തലസ്ഥാന നഗരത്തിനടുത്താണല്ലോ, ആ പ്രതികളെ കൃത്യമായി കണ്ടെത്താൻ ഇപ്പോൾ പോലീസിന് സാധിച്ചു. എ.കെ.ജി. സെന്റർ ആക്രമിച്ച പ്രതി എവിടെ എന്നചോദ്യം ഈ സഭയിൽ ഉയർന്നതാണ്. അവധാനതയോടെയും ശാസ്ത്രീയമായും അന്വേഷണം നടത്തിയതിലൂടെ വലിയ ക്രിമിനൽ ഗൂഢാലോചനയുടെ ഭാഗമായി നടന്ന പ്രസ്തുത സംഭവത്തിന്റ ചുരുളഴിഞ്ഞുവന്നു. ഇത്തരത്തിലുള്ള ധാരാളം ഉദാഹരണങ്ങൾ എടുത്തുപറയാൻ കഴിയും. അതിലേയ്ക്കാകെ ഈ ഘട്ടത്തിൽ ഞാൻ കടക്കുന്നില്ല. എങ്ങനെ നോക്കിയാലും ഒരു അന്വേഷണ ഏജൻസി എന്നനിലയ്ക്ക് നമ്മുടെ സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന ഒരു ഏജൻസിയായിത്തന്നെ പോലീസ് പ്രവർത്തിക്കുന്നുവെന്ന് കാണാൻ കഴിയും. ധാരാളം പ്രമാദമായ കേസുകളിൽ പോലീസ് ഫലപ്രദമായി അന്വേഷണം നടത്തിയ അനുഭവം നമുക്കുണ്ട്. ലാത്വിയൻ യുവതിയെ കൊലപ്പെടുത്തിയ സംഭവത്തിൽ കോടതി ശിക്ഷ വിധിച്ചുകഴിഞ്ഞത് ഈയടുത്ത ദിവസമാണ്. പാറശ്ശാല മുരിയങ്കരയിൽ വനിതാ സുഹൃത്ത്

നൽകിയ ജ്യൂസ് കുടിച്ച് ഷാരോൺ എന്ന യുവാവ് മരണപ്പെട്ട സംഭവത്തിൽ വളരെ കൃത്യതയോടെയാണ് പോലീസ് നീങ്ങിയതെന്ന് നമുക്കറിയാം. കാണാതായ സ്ത്രീകളെ പത്തനംതിട്ടയിൽ എത്തിച്ച് നരബലി നടത്തിയ സംഭവത്തിൽ, കാണാതായിയെന്ന് പറഞ്ഞുകൊണ്ട് ലഭ്യമായ പരാതിയിന്മേൽ എത്ര കൃത്യതയോടെയാണ് അന്വേഷിച്ച് തെളിവിലേയ്ക്കെത്തിച്ചതെന്ന് നാം കാണേണ്ടതാണ്. കേശവദാസപുരത്ത് വീട്ടമ്മയെ കൊലപ്പെടുത്തി നാടുവിട്ട അതിഥി തൊഴിലാളിയെ ഇരുപത്തിനാല് മണിക്കൂറിനകം പിടികൂടാൻ കഴിഞ്ഞത് പോലീസിന്റെ പ്രത്യേകത തന്നെയാണ്. മാറനല്ലൂരിൽ യുവതിയെയും രണ്ടര വയസ്സുള്ള മകളെയും കാണാതായതിൽ രജിസ്റ്റർചെയ്ത കേസിൽ യുവതിയെയും കുഞ്ഞിനെയും ആൺ സുഹൃത്ത് കൊലപ്പെടുത്തിയെന്ന് അന്വേഷണത്തിൽ കണ്ടെത്തിയത് നമ്മുടെ മുമ്പിലുള്ള കാര്യമാണ്. ഇത്തരത്തിൽ നോക്കിയാൽ നല്ലതരത്തിലുള്ള അനുഭവങ്ങൾ പോലീസിനെക്കുറിച്ച് പറയാൻ കഴിയും. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിട ഉന്നയിച്ച കാര്യങ്ങളെപ്പറ്റി ഞാൻ തുടക്കത്തിൽ പറഞ്ഞല്ലോ, അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കാവുന്ന രീതിയിലല്ല അവതരണമുണ്ടായത്. കേരളത്തിന്റെ

ഇന്നത്തെ സാഹചര്യത്തിൽ പ്രതിപക്ഷമാണെന്നതുകൊണ്ടും അവതരിപ്പിക്കേണ്ടതാണല്ലോ എന്നതുകൊണ്ടും അവർ ചുമതലപ്പെടുത്തിയതുകൊണ്ടും അദ്ദേഹം അവതരിപ്പിക്കാൻ നിർബന്ധിതനായെന്നാണ് തോന്നുന്നത്. ഏതായാലും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട അവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ കേരളത്തിൽ അക്രമ സംഭവങ്ങൾ അടിക്കടി വർദ്ധിച്ചുവരികയാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, തുടരെത്തുടരെയുണ്ടാകുന്ന ഗുണ്ടാ ആക്രമണങ്ങൾ, വീട് കയറിയുള്ള ആക്രമണങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമം തുടങ്ങിയവയെല്ലാം സംസ്ഥാനത്ത് വ്യാപകമായി വർദ്ധിച്ചുവരികയാണ്. പോലീസിന്റെതന്നെ കണക്കനുസരിച്ച് സംസ്ഥാനത്ത് പതിനാലായിരത്തിലധികം ഗുണ്ടകൾ അഴിഞ്ഞാട്ടം

നടത്തുന്നുണ്ട്. ഗുണ്ടകൾ എന്തെല്ലാം ആക്രമസംഭവങ്ങളാണ് കേരളത്തിലുണ്ടാക്കുന്നത്? മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കാൻ കഴിയാതെ, ഏതുസമയത്തും ആരുടെയും ജീവൻ വേണമെങ്കിലും നഷ്ടപ്പെട്ടുപോകാമെന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്. വാഹനമോടിച്ച് വഴിയിലൂടെ പോകാൻ കഴിയാത്ത അവസ്ഥയിലാണ്. വണ്ടി ഒന്നുമുട്ടിയാലോ, വേഗംകുറച്ച് പോയാലോ, ഹോണടിച്ചാലോ ചിലപ്പോൾ ഏതെങ്കിലും ഒരു ഗുണ്ട വന്ന് കയ്യിലിരിക്കുന്ന ആയുധംവച്ച് ആക്രമിക്കാമെന്ന സ്ഥിതിയിലാണ് കേരളമുള്ളത്. അതുപോലുള്ള എത്രയോ കേസുകളാണുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്, ബഹുമാനപ്പെട്ട അംഗങ്ങൾ കൂട്ടംചേർന്ന് സംസാരിക്കാതെ സീറ്റിൽ ഇരിക്കണം, ശ്രീ. നന്ദകുമാർ സീറ്റിലേയ്ക്ക് പോയിരിക്കുക.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതുപോലുള്ള എത്രമാത്രം കേസുകളാണ് ഓരോ ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ലോകത്തിലെ മറ്റേത് അന്വേഷണ സംവിധാനത്തെക്കാളും ഇന്ത്യയിലെ മറ്റേത് പോലീസിനെക്കാളും കേരളത്തിലെ പോലീസ് മെച്ചപ്പെട്ടതായിരുന്നുവെന്ന

കാര്യത്തിൽ ഒരു തർക്കവുമില്ല. ഒരുകാലത്ത് സ്കോട്ട്ലാന്റ് യാർഡിനെ വെല്ലുന്ന പോലീസായിരുന്നു കേരളത്തിലെ പോലീസെന്ന് നാം അഭിമാനിച്ചിരുന്നു. അമിതമായ രാഷ്ട്രീയവത്കരണവും പോലീസിലുണ്ടായിക്കൊണ്ടിരിക്കുന്ന ക്രിമിനൽവത്കരണത്തെ തടയാൻ കഴിയാത്തതുകൊണ്ടുമാണ് കുറേയേറെ ഉദ്യോഗസ്ഥർ തെറ്റായ വഴികളിലൂടെ പോകുന്നതിന് കാരണം. നിയമസഭയിൽ വളരെ വ്യക്തമായിട്ടാണ് ചില ചോദ്യങ്ങൾ ഞങ്ങൾ ചോദിച്ചത്. ക്രിമിനൽ കേസുകളിൽ പ്രതികളായ എത്രപേർ ക്രമസമാധാന ഡ്യൂട്ടിയിലുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഡ്യൂട്ടി നിർവ്വഹിക്കുന്നത്; ഇതിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്; എത്ര പോലീസ് ഉദ്യോഗസ്ഥരെ കുറ്റക്കാരായി കണ്ടെത്തിയിട്ടുണ്ട്; ഇതിൽ എത്രപേർക്ക് ശിക്ഷ ലഭിച്ചു? -തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചപ്പോൾ എല്ലാ ചോദ്യത്തിനുമായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന ഒറ്റ ഉത്തരമാണ് ലഭ്യമായത്. പോലീസുദ്യോഗസ്ഥർ നടത്തുന്ന കുറ്റകൃത്യങ്ങളെപ്പറ്റിപ്പോലും റിക്കാർഡില്ലാത്തെ ആഭ്യന്തര വകുപ്പ് നാട്ടിലെ മറ്റു കേസുകളിൽ ഏതുതരത്തിലുള്ള ക്രൈം റിക്കാർഡാണ് ഇവിടെ സൂക്ഷിക്കുന്നത്? ജീവനും

സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ഉദ്യോഗസ്ഥർതന്നെ നടത്തുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് ഒരു റിക്കാർഡും പോലീസിന്റെ കയ്യിലില്ല. എന്ത് സംഭവമുണ്ടായാലും 'ഇത് ഒറ്റപ്പെട്ട സംഭവമാണ്' എന്ന ഒറ്റ മറുപടി മാത്രമേ ബഹു. മുഖ്യമന്ത്രിക്ക് ഉള്ളൂ. ഇങ്ങനെയുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ വർദ്ധിച്ചുവന്ന് ഇവയെല്ലാം എണ്ണിത്തീർക്കുന്നതിന് പോലീസ് ആസ്ഥാനത്ത് കൗണ്ടിംഗ് മെഷീൻ വാങ്ങിവയ്ക്കേണ്ട സ്ഥിതിയിലാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. പോലീസിന്റെ അതിക്രമങ്ങളെ കുറിച്ചുള്ള വാർത്തകൾ മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ട്. പക്ഷെ, ഇപ്പോൾ അതുപോലുള്ള വാർത്തകളാണോ ഉണ്ടാകുന്നത്? രാത്രി അടച്ചിട്ടിരിക്കുന്ന കടയ്ക്ക് മുന്നിൽവച്ചിട്ടുള്ള മാങ്ങ മോഷ്ടിക്കുന്ന, പോലീസുകാരൻ പ്രതിയാകുന്നു; തൊട്ടപ്പുറത്തെ വീട്ടിലെ അലമാരയിൽനിന്ന് സ്വർണ്ണം മോഷ്ടിക്കുന്നതിലും പോലീസുകാർ പ്രതിയാകുന്നു; കടയിൽ പോയി എല്ലാ ദിവസവും നാരാങ്ങ വെള്ളം ചോദിക്കും, നാരാങ്ങ വെള്ളം എടുക്കാൻ കടക്കാരൻ തിരിയുമ്പോൾ അയാളുടെ പെട്ടിയിൽനിന്ന് എല്ലാ ദിവസവും പണം മോഷ്ടിക്കുന്ന പോലീസുകാരൻ; ഇതൊക്കെ എത്ര അപമാനകരമാണ്. മലയിൻകീഴിലെ ഉദ്യോഗസ്ഥനെക്കുറിച്ച് പറഞ്ഞു. എന്തെല്ലാം വ്യാജ രേഖകളുണ്ടാക്കി. സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ ഇത്രമാത്രം കേസുകളുള്ള മറ്റൊരാൾ ഉണ്ടായിരുന്നോ; എത്ര

എത്ര കേസുകളാണ് ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളത്? ഇവിടെ അമ്പലവയൽ പീഡനക്കേസിനെ സംബന്ധിച്ച് സൂചിപ്പിച്ചു. അമ്പലവയലിൽ പോക്സോ കേസിൽ ഇരയായ ഒരു പെൺകുട്ടിയെ തെളിവെടുപ്പിനുവേണ്ടി വനിതാ പോലീസ് ഓഫീസർ ഉൾപ്പെടെ മൂന്ന് പേർ കൊണ്ടുപോകുകയാണ്. സ്ഥലത്ത് എത്തിയപ്പോൾ വനിതാ പോലീസ് ഓഫീസറും മറ്റുള്ള പോലീസുകാരനും രക്ഷപ്പെടുന്നു, മുങ്ങുന്നു. എന്നിട്ട് ആ പോലീസുകാരൻ പ്രായപൂർത്തിയാകാത്ത ആ കുട്ടിയെ പീഡിപ്പിക്കുന്നു. പരാതിയുണ്ടായി എത്ര മാസംകഴിഞ്ഞാണ് കേസ് എടുത്തത്? മറ്റു കുട്ടികളെ പോലീസുകാർ തെളിവെടുപ്പിന് കൊണ്ടുപോകാൻ നേരത്ത് കുട്ടികൾ പറഞ്ഞു പോലീസുകാരുടെ കൂടെ ഞങ്ങൾ വരില്ലെന്ന്. കാരണം പോലീസിന്റെ കൂടെ പോയാലുള്ള അനുഭവം ഇതാണെന്ന് അവിടെനിന്ന് റിപ്പോർട്ടുണ്ടാകുന്നു. ഇതൊക്കെ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യങ്ങളാണോ? കോഴിക്കോട്ട് പ്രായപൂർത്തിയാകാത്ത രണ്ട് സഹോദരിമാരെ പീഡിപ്പിച്ചതിന് ഒരു പോലീസ് ഓഫീസർക്കെതിരായി കേസ് എടുക്കേണ്ട സ്ഥിതി വന്നിരിക്കുന്നു. തിരുവനന്തപുരത്ത് ഒരു യുവതിയെ ഏഴ് വർഷത്തോളം പോലീസ് ഉദ്യോഗസ്ഥൻ പീഡിപ്പിച്ചെന്ന് കേസ് വന്നിരിക്കുന്നു. കോഴിക്കോട് കോസ്റ്റൽ പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടറാണ് കൂട്ടബലാത്സംഗ കേസിൽ അറസ്റ്റിലായത്. ഇതുപോലെ മർദ്ദനങ്ങളും നടക്കുന്നു. കൊല്ലം

കിളികൊല്ലൂരിൽ സൈനികനെയും സഹോദരനെയും ക്രൂരമായി ആക്രമിച്ച സംഭവമുണ്ടായി. ജ്യേഷ്ഠനെയും അനുജനേയും തല്ലുന്നത് സംബന്ധിച്ച് എല്ലാ സോഷ്യൽ മീഡിയയിലും പ്രചരിക്കുന്നുണ്ട്. തെറ്റായ ജാമ്യം എടുക്കാൻ വേണ്ടി പോലീസ് വിളിച്ചുവരുത്തുകയും അതിന് വിസ്സമതിച്ചപ്പോഴുണ്ടായ സംഘർഷത്തിൽ ജ്യേഷ്ഠനെയും അനുജനേയും, ഒരു സൈനികനെ, 'നീ ഇനി തോക്ക് പിടിക്കേണ്ട' എന്നുപറഞ്ഞ് കൈ തല്ലി ഒടിച്ചു പോലീസുകാർ. അതും എല്ലാ സോഷ്യൽ മീഡിയയിലും പ്രചരിക്കുന്നുണ്ട്. എന്നിട്ട് സിറ്റി പോലീസ് കമ്മീഷണർ കൊടുത്ത അന്വേഷണ റിപ്പോർട്ടിൽ മർദ്ദനമേറ്റിട്ടുണ്ടെന്നും എന്നാൽ ആരാണ് മർദ്ദിച്ചതെന്ന് അറിയില്ലായെന്നുമാണ് കണ്ടെത്തൽ. പോലീസ് സ്റ്റേഷനകത്താണ് ആ സംഭവമുണ്ടായത്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സമർപ്പിച്ച പതിനൊന്ന് പേജുള്ള റിപ്പോർട്ടാണ്. ഇരുവരെയും സ്റ്റേഷനിൽവച്ച് മർദ്ദിച്ചത് കണ്ടവരില്ല. പോലീസ് സ്റ്റേഷനിൽ പോലീസല്ലാതെ വേറെ ഏത് സാക്ഷിയെയാണ് കിട്ടുക. പോലീസല്ലാതെ, അകത്ത് സെല്ലിൽ കിടക്കുന്ന ആളാണോ സാക്ഷിയാകേണ്ടത്? സൈനികനേയും അനുജനേയും ക്രൂരമായി മർദ്ദിക്കുന്നത് എല്ലാ സോഷ്യൽ മീഡിയയിലും പ്രചരിക്കുകയാണ്. എന്നിട്ട് ആരാണ് കമ്മീഷണറെ സ്വാധീനിച്ചത്? കേരളം മുഴുവൻ ചർച്ച ചെയ്ത കേസിൽ ആരാണ് മർദ്ദിച്ചതെന്ന് അറിയില്ലായെന്ന് മനുഷ്യാവകാശ കമ്മീഷണർ

റിപ്പോർട്ട് കൊടുക്കുമ്പോൾ എന്താണ് ആ പോലീസ് സേനയിൽ നടക്കുന്നത്? ഇവിടെ ഹൈക്കോടതി നിർദ്ദേശപ്രകാരം ഒരു ഉദ്യോഗസ്ഥനെ, ഒരു സി.ഐ.-യെ പിരിച്ചുവിട്ടു. അയാൾ തൊടുപുഴയിലെ ഒരു പോലീസ് സ്റ്റേഷനിൽ എസ്. എച്ച്. ഒ. (സ്റ്റേഷൻ ഹൗസ് ഓഫീസർ) ആയിരുന്നപ്പോൾ മുപ്പതിലധികം കേസാണ് ഉണ്ടായത്. ഞാൻ ആ കേസൊന്നും വായിക്കുന്നില്ല. മുഴുവൻ പോലീസിനും അപമാനകരമായ കേസാണത്. എന്നിട്ട് അന്നത്തെ വിജിലൻസ് ഐ.ജി. അന്വേഷിച്ച് റിപ്പോർട്ട് കൊടുത്തിട്ട് എല്ലാത്തിനും ഇയാൾ ഉത്തരവാദിയാണെന്ന് പറഞ്ഞ് കോടതിയിൽ റിപ്പോർട്ട് കൊടുത്തു. കേസ് കോടതിയിൽ പോയപ്പോഴാണ് റിപ്പോർട്ട് കൊടുത്തത്. അന്ന് കോടതി നടപടി എടുക്കാൻ പറഞ്ഞു. അയാളെ സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽനിന്ന് ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. ഇയാളെ ഇപ്പോൾ തിരിച്ചെടുത്തു. ഏത് നേതാവ് പറഞ്ഞിട്ടാണ് അയാളെ തിരികെ എടുത്തത്? മുപ്പത് കേസുകളുള്ള, ഹൈക്കോടതി പറഞ്ഞ, വിജിലൻസ് ഐ.ജി. അന്വേഷിച്ച് കണ്ടുപിടിച്ച കേസിലെ പ്രതിയെ ആര് പറഞ്ഞിട്ടാണ് തിരിച്ചെടുത്തത്? അപ്പോൾ പോലീസിനെ സ്വാധീനിക്കുന്നത് വേറെ ആളുകളാണ്. പോലീസ് ഒരു ഫോഴ്സാണ്, അതിന് ഡി.ജി.പി. മുതൽ താഴോട്ടുള്ളവരുടെ ഒരു ഹൈറാർക്കിയുണ്ട്. മുകളിലുള്ള ഉദ്യോഗസ്ഥർ പറഞ്ഞാൽ കേൾക്കണം.

എസ്.പി.-മാർ മുകളിലുള്ള ഉദ്യോഗസ്ഥർ പറഞ്ഞാൽ കേൾക്കുമോ? എസ്.പി.മാർ കേൾക്കണമെങ്കിൽ സി.പി.എം. ജില്ലാ സെക്രട്ടറി പറയണം. എസ്. എച്ച്. ഒ. കേൾക്കണമെങ്കിൽ ഏരിയ സെക്രട്ടറി പറയണം. നിങ്ങൾ പോലീസിനെ രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു വിമുക്ത ഭടൻ സെക്യൂരിറ്റിയായി നിൽക്കുന്നു. പാസ്സില്ലാതെ വന്ന ഒരു ഡി.വൈ.എഫ്.ഐ. നേതാവിനെ കയറ്റിവിട്ടില്ല. ഞാൻ അയാളുടെ വീട്ടിൽ പോയതാണ്. അയാൾ എന്നോട് പറഞ്ഞു, 'ഞാൻ താൽക്കാലിക സെക്യൂരിറ്റി ജിവനക്കാരനാണ്. സി.സി.ടി.വി. വച്ചിട്ടുണ്ട്. സി.സി.ടി.വി.യിൽ ഞാൻ പാസ്സില്ലാതെ ആരെയെങ്കിലും കയറ്റി വിടുന്നത് കാണ്ടാൽ എന്റെ ജോലി പോകും. ഒരു പാസ്സെടുത്ത് കൊണ്ടുവരാൻ ഞാൻ അയാളോട് പറഞ്ഞു'. ഇയാൾ ബഹളമുണ്ടാക്കുകയും ഫോണിൽക്കൂടി പത്ത് പതിനഞ്ച് പേരെ വിളിച്ചുവരുത്തി ആ ജീവനക്കാരനെ ചവിട്ടിക്കൂട്ടി. രണ്ട് പേൺകുട്ടികളുള്ള വിമുക്ത ഭടനാണ്. സർവ്വീസിലുണ്ടായിരുന്ന ആളാണ്. അയാളുടെ നട്ടെല്ല് പൊട്ടി ആശുപത്രിയിലാണ്. അതിന്റെ വിഷ്വലെല്ലാം സോഷ്യൽ മീഡിയയിൽ വന്നതാണല്ലോ; അതിലെ പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്യാൻ വേണ്ടി കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോയി. അപ്പോൾ ആരാണ് രംഗ പ്രവേശം ചെയ്തത്? കോഴിക്കോട്

സി.പി.ഐ (എം) ജില്ലാ സെക്രട്ടറി കമ്മീഷണറെ വിമർശിച്ചുകൊണ്ട് പത്രസമ്മേളനം നടത്തി ഇതല്ല ഇടതുമുന്നണിയുടെ പോലീസ് നയമെന്ന് പറഞ്ഞു. പാവപ്പെട്ട ഒരു വിമുക്തഭടനെ ചവിട്ടിക്കൂട്ടിയതിന് പ്രതികളുടെ വീടുകളിൽ അറസ്റ്റ് ചെയ്യാൻ പോയ കമ്മീഷണറെയും പോലീസിനെയും അവരുടെ ആത്മവിശ്വാസത്തെ, ആത്മവീര്യത്തെ നിർവീര്യമാക്കുന്ന നടപടി സ്വീകരിക്കാൻ, ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹു. മുഖ്യമന്ത്രി ഇടതുമുന്നണിയുടെ പോലീസ് നയം നടപ്പിലാക്കാൻ കോഴിക്കോട് ജില്ലാ സെക്രട്ടറിയെ ഏല്പിച്ചിട്ടുണ്ടോ; ഓതറൈസ് ചെയ്തിട്ടുണ്ടോ; ആരാണ് അദ്ദേഹത്തിന് അധികാരം കൊടുത്തത്? ഒരു കമ്മീഷണർ സത്യസന്ധമായ നടപടികളുമായി പോലീസിന്റെ മാനം കാക്കാൻ, നാടിന്റെ മാനം കാക്കാൻ നടപടികളുമായി പോയപ്പോൾ ആരാണ് ഈ ജില്ലാ സെക്രട്ടറിക്ക് അധികാരം കൊടുത്തത്? നമ്മുടെ സംസ്ഥാനത്ത് ഇതുപോലെയുള്ള സംഭവങ്ങൾ എല്ലായിടത്തും ആവർത്തിക്കുകയാണ്. ഇവിടെ പാർട്ടി നേതാക്കളെ സുഖിപ്പിച്ചാൽ ആർക്കും എന്തും ചെയ്യാം. അതുകൊണ്ടാണ് സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങൾ വർദ്ധിക്കുന്നത്. ഈ ഗുണ്ടകൾ ലോക്കലായിട്ടുള്ള സ്പോൺസർ ഷിപ്പാണ്. പോലീസിന് അവരെ പിടിക്കാൻ പറ്റാത്ത അവസ്ഥയാണ്. കാപ്പ ചുമത്താൻ സാധിക്കുന്നില്ല. ചുമത്തിക്കഴിഞ്ഞാൽ അതിന് സ്വാധീനം വരുന്നു.

നിങ്ങൾക്കറിയില്ലേ; കോട്ടയത്ത് പത്തൊമ്പത് വയസ്സുകാരനെ ഗുണ്ട തട്ടിക്കൊണ്ടുപോയി ക്രൂരമായി മൂന്ന് മണിക്കൂർ തുടർച്ചയായി മർദ്ദിച്ച് അവസാനം കൈ വിരൽകൊണ്ട് കണ്ണ് കുത്തിപൊട്ടിച്ച് തല്ലിക്കൊന്ന് തോളിലിട്ട് കോട്ടയത്തെ ഈസ്റ്റ് പോലീസ് സ്റ്റേഷന്റെ മുന്നിൽ കൊണ്ടിട്ടിട്ട് പോലീസിനെ വെല്ലുവിളിച്ചില്ലേ? ആ ഗുണ്ടയെ കാപ്പ കേസിൽനിന്ന് പുറത്തുകൊണ്ടുവരാൻ ആരാണ് ശ്രമിച്ചത്? ഇതിന്റെയെല്ലാം പുറകിൽ ആരാണെന്ന് അങ്ങ് അന്വേഷിക്കണം. പാർട്ടിക്കാർക്ക് പോലീസിനെ ഭരിക്കാൻ തുറന്ന് വിട്ടുകൊടുക്കരുത്. അത് അപകടത്തിലേയ്ക്ക് പോകും. ആ അപകടമാണ് ഇന്ന് കേരളത്തിൽ എല്ലാ സ്ഥലത്തും നടക്കുന്നത്. (....ബഹളം...) ക്രിമിനലുകളായ പോലീസുകാരെ നിലയ്ക്ക് നിർത്തണം. പി.എസ്.സി. പരീക്ഷ എഴുതാൻ പോയ ആളെ തടുത്തുനിർത്തി അവന്റെ ബൈക്കിന്റെ താക്കോൽ ഊരി പോലീസുകാരൻ പോക്കറ്റിലിട്ടു. നീ പരീക്ഷ എഴുതാൻ പോകണ്ടെന്ന് പറഞ്ഞ് ഒരു മണിക്കൂറോളം വഴിയിൽ നിർത്തി. അതുകാരണം ആയാൾക്ക് പി.എസ്. സി. പരീക്ഷയെഴുതാൻ പറ്റിയില്ല. നടപടി സ്വീകരിച്ചോ? ഇതുപോലെ എത്രയോ സംഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. വാളയറിൽ അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴി സഹോദരങ്ങളെ പോലീസ് മർദ്ദിച്ചു. കരമനയിലെ സർക്കാർ ജീവനക്കാരനെ നടുറോഡിലിട്ട് മർദ്ദിച്ച കേസിൽ കേസ് എടുത്തോ? അങ്ങയുടെ മ്യൂസിയം

പോലീസ് കേസെടുത്ത കാര്യം പറഞ്ഞു. മ്യൂസിയത്തിൽ അതിക്രമമുണ്ടായി. സ്റ്റേറ്റ് കാറിൽ വന്നാണ് ഒരു സ്ത്രീയെ വെളുപ്പാൻ കാലത്ത് ആക്രമിച്ചത്. അവർ അപ്പോൾത്തന്നെ പരാതി കൊടുത്തു. ഒമ്പത് മണിക്ക് പോയാണ് എഫ്.ഐ. ആർ. പരിശോധിച്ചത്, എന്നിട്ട് തെളിവില്ലെന്ന് പറഞ്ഞപ്പോൾ പരാതിക്കാരിതന്നെ സി.സി.ടി.വി. തെളിവുകൾ പരിശോധിച്ചു. വാഹനം ഏതാണെന്നറിയാൻ ആ പ്രദേശത്തുള്ള കടകളിലെ മുഴുവൻ സി.സി.ടി.വി.കളും ഈ പരാതിക്കാരി വാശിയോടുകൂടി പരിശോധിച്ചു. പോലീസ് കേസ് എടുക്കാൻവേണ്ടി പരാതിക്കാരിതന്നെ സി.സി. ടി.വി. അന്വേഷിച്ചുപോകാൻ നിർബന്ധിതയായി. തലശ്ശേരിയിലെ കാര്യം അങ്ങ് പറഞ്ഞല്ലോ. തലശ്ശേരിയിൽ നമ്മളെയൊക്കെ വേദനിപ്പിച്ച സംഭവമുണ്ടായി. ഞാൻ ആ കുഞ്ഞിനെപോയി കണ്ടു, സഹിക്കില്ല ഒരു നേർത്ത കുഞ്ഞാണ്. ആ കുഞ്ഞ് കാറിൽ ചാരി നിന്നപ്പോൾ കാർ ഉടമ ചവിട്ടി വീഴ്ത്തി. നാട്ടുകാർ ഇടപെട്ടു. പോലീസ് അന്ന് കേസ് എടുത്തോ? അയാളെ വെറുതെ വിടുകയാണ് ചെയ്തത്. പിറ്റേ ദിവസം കേരളം മുഴുവൻ അതൊരു വികാരമായി കത്തി പടർന്നപ്പോഴാണ് അങ്ങ് പറഞ്ഞ പോലീസ് നടപടി എടുത്തത്. അന്ന് രാത്രി തന്നെ ആ പ്രതിയെ പറഞ്ഞുവിട്ടു. ആര് പറഞ്ഞിട്ടാണ് അവനെ പറഞ്ഞ് വിട്ടത്? ആരോ സ്വാധീനിച്ചു; ആരുടെയോ ഫോൺ വന്നു. അപ്പോഴാണ് പറഞ്ഞ് വിട്ടത്. പിറ്റേ ദിവസം കേരളം

മുഴുവൻ (ബഹളം....)

മി. സ്പീക്കർ : പ്ലീസ്...പ്ലീസ്... അദ്ദേഹം പ്രസംഗിക്കട്ടെ.....എല്ലാപേരും അവിടെ ഇരിക്കൂ....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ...അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ. ഭരണപക്ഷാംഗങ്ങൾ അവിടെ ഇരിക്കണം. അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങ് സംസാരിക്കണം. (...ബഹളം...) ഭരണപക്ഷാംഗങ്ങൾ അവിടെ ഇരിക്കണം.. അങ്ങ് ഇവിടെ ഷാരോൺ കേസിനെക്കുറിച്ച് പറഞ്ഞു. ഷാരോൺ കേസ്സിൽ പരാതിയുമായി ആദ്യം പോയപ്പോൾ പോലീസ് പറഞ്ഞത് ആ പെൺകുട്ടി അങ്ങനെ ചെയ്യില്ലെന്നാണ്. പിന്നീട് വിവാദമായപ്പോഴാണ് കേസ്സെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് പോയത്. മൊബൈൽ ഫോണിൽ അജ്ഞാത നമ്പരിൽനിന്ന് അശ്ലീല വീഡിയോ വന്നതിനാൽ പരാതിക്കാരി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ പോലീസ് പറഞ്ഞത്, ഫോണിൽ വന്നാലും ദേഹപരിശോധന നടത്തണം, പോക്സോ കേസ്സാണെന്ന് പറഞ്ഞു. അങ്ങനെ തീരാത്ത അത്രയും സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. ക്രിമിനലുകളായ പോലീസുകാരെ സംരക്ഷിക്കരുത്; അവരെ നിലയ്ക്ക് നിർത്തണം. ക്രൂരമായ ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥർ സർവ്വീസിലുണ്ടാകാൻ പാടില്ല. കാരണം പോലീസ്

സേന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ഉത്തരവാദപ്പെട്ട ഒരു സേനയാണ്. കേരളത്തിലെ പോലീസ് സേന കേരളത്തിലെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറുതാണ്. പക്ഷേ പോലീസുണ്ട്. കുറ്റകൃത്യങ്ങൾ ചെയ്താൽ അവർ ഞങ്ങളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുമെന്ന് പറയുന്ന ഒരു ഡിറ്ററന്റ് ഫാക്ടർ ഉണ്ട്. പോലീസിനെക്കുറിച്ചുള്ള വിശ്വാസം ജനങ്ങളുടെ ഇടയിൽ നഷ്ടപ്പെട്ടാൽ കേരളത്തിൽ അക്രമങ്ങൾ വളരും, കൊലപാതകങ്ങളുണ്ടാകും, ഗുണ്ടാ കൊലപാതകങ്ങളുണ്ടാകും. ഗുണ്ടകൾ അഴിഞ്ഞാടുമ്പോൾ അവരെ നിയന്ത്രിക്കാൻപോലും കഴിയാത്ത തരത്തിൽ എന്തിനാണ് പോലീസിനെ നിർവ്വീര്യമാകുന്നത്? അതുകൊണ്ട് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആരോപണം, ഈ ഗവൺമെന്റ് പോലീസിനെ ക്രിമിനൽവത്കരിക്കുകയും അമിതമായി രാഷ്ട്രീയവത്കരിക്കുകയും ചെയ്യുന്നുവെന്നതാണ്. ഗൗരവതരമായ കുറച്ച് സംഭവങ്ങൾ മാത്രം ഉയർത്തിക്കാട്ടിക്കൊണ്ട് ഞങ്ങളിവിടെ പറഞ്ഞു. പക്ഷേ നിഷേധാത്കമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതുപോലുള്ള നടപടിയുമായി മുന്നോട്ടുപോകുമെന്നാണ് മുഖ്യമന്ത്രിയുടെ പ്രഖ്യാപനം. അതിൽ ശക്തിയായി

പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് പ്രതിപക്ഷനേതാക്കളുടെ വാക്കൗട്ട് പ്രസംഗമാണ്. പണ്ട് മുതലേ ഉള്ളതാണ്. ഒരു സംഘം ക്വട്ടേഷൻ കിട്ടിയതുപോലെ നിരന്തരമായി ശല്യപ്പെടുത്തുകയാണ്. അങ്ങ് പരിശോധിക്കണം. (.......ബഹളം........)

<u>മി. സ്പീക്കർ</u>: പ്ലീസ്....... പ്ലീസ്...... പ്രതിപക്ഷ ഉപനേതാവ് സംസാരിക്കട്ടെ.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇന്നിവിടെ ചർച്ച ചെയ്യുന്ന വിഷയം കേരളത്തിന്റെ ഭരണകക്ഷിക്ക് എതിരല്ലല്ലോ. കേരളത്തിൽ മീഡിയ തുറന്നാൽ അനുദിനം, അനുനിമിഷം വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ കേരളത്തിന് നല്ലതാണോ? മയക്കുമരുന്ന് ഉപയോഗിച്ചിട്ടുള്ള വിചിത്രമായ കുറ്റകൃത്യങ്ങളുണ്ട്. കേട്ടുകേൾവിയില്ലാത്ത തരത്തിൽപ്പെട്ട അതിക്രൂരമായ കുറ്റകൃത്യങ്ങളുണ്ട്. കേരളത്തിൽ ഇത് വളരെ വർദ്ധിച്ചുവരികയാണ്. കേരളം അങ്ങനെയാണെന്നുള്ള ഇംപ്രഷനല്ലേ മീഡിയ

തുറന്നാൽ കാണുന്നത്. അപ്പോൾ നിയമസഭ ഈ വിഷയം ചർച്ച ചെയ്യാതിരുന്നിട്ട് കാര്യമില്ല. നിയമസഭ ചർച്ച ചെയ്യുകയും കേരളത്തിലെ പോലീസിനെ അൽപ്പം മെച്ചപ്പെടുത്താൻ എന്താണ് വഴി എന്നുള്ള ക്രിയേറ്റീവായ സമീപനമാണ് ഭരണപക്ഷികളിൽനിന്ന് ഉണ്ടാകേണ്ടത്. political interference- ഉം control- ഉം താഴെത്തട്ടിൽ ഓവറാകുന്നതാണോ എന്നത് നമ്മൾ പരിശോധിക്കേണ്ട കാര്യമാണ്. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് നയപരമായൊരു തീരുമാനമെടുത്തു. ആര് വിളിച്ചുപറഞ്ഞാലും കേൾക്കേണ്ട, കുറ്റകൃത്യങ്ങളാണെങ്കിൽ നടപടിയെടുക്കണം എന്നാണ്. അന്ന് കുറ്റകൃത്യങ്ങൾ കുറഞ്ഞുവെന്നുള്ള ഒരു സ്റ്റാറ്റിസ്റ്റിക്സുണ്ട്. ഗവൺമെന്റ് പരിശോധിക്കണം. ഇപ്പോൾ കേരളീയരായ അനവധി ആളുകളും പുറത്താണുള്ളത്. അത്രതന്നെ അതിഥി തൊഴിലാളികളുമായി കഴിയുന്ന ഒരു സ്റ്റേറ്റാണ് കേരളം. കേരളം കുറച്ചുകൂടി സുരക്ഷിതത്വം അർഹിക്കുന്നില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ക്രമസമാധാന നില മെച്ചമാണെന്ന് പറഞ്ഞ് ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നു. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി പല സ്റ്റാൻഡേർഡിലും കേരളത്തേക്കാൾ

താഴെയാണ്. ജീവിതനിലവാരത്തിലും വിദ്യാഭ്യാസത്തിലും ആരോഗ്യകാര്യത്തിലുമെല്ലാം അങ്ങനെയാണ്. ക്രമസമാധാനത്തിൽ നമ്മൾ മറ്റ് സംസ്ഥാനത്തേക്കാൾ മെച്ചമായിരിക്കാം. പക്ഷേ നമ്മൾ ലോകോത്തര നിലവാരത്തിലേയ്ക്ക് പോകേണ്ട സമയമായി. പോലീസിന്റെ പ്രൊഫഷണലിസം എന്തുകൊണ്ട് താഴെപ്പോയി? മീഡിയയിൽ 24 മണിക്കൂറും കേരളത്തിന്റെ കുറ്റകൃത്യങ്ങൾ ലോകത്തിന്റെ മുമ്പിൽ പറയത്തക്ക നിലയിൽ, മയക്കുമരുന്നും വിചിത്രമായ കുറ്റകൃത്യങ്ങളും കൂടി വരുന്നുവെന്നത് പരിശോധിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? പൊതുവായി കേരളത്തിൽ പോലീസ് കൺട്രോൾ കുറഞ്ഞുവരുന്നതും പ്രൊഫഷണലായി കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ചുമാണ് മുൻ ആഭ്യന്തരമന്ത്രി എന്ന നിലയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിലുള്ളത്. അതുകൊണ്ട് ഇവിടെ നടക്കുന്ന കേസ്സുകൾ തെളിയിക്കുന്നതുപോലെ ബാക്കി കാര്യങ്ങൾക്കൊന്നും യാതൊരുവിധ പ്രചാരവും കിട്ടുന്നില്ല. വിചിത്രമായ രീതിയിൽ ഒരു നിയന്ത്രണവുമില്ലാത്ത തരത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ള ഇംപ്രഷനാണുള്ളത്. പോലീസിൽ പ്രൊഫഷണലിസം കുറഞ്ഞതും പൊളിറ്റിക്കൽ കൺട്രോൾ

കൂടിയതും കുറ്റവാളികൾക്ക് സംരക്ഷണം കിട്ടിയതും മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതുമാണ് അടിയന്തരപ്രമേയത്തിന് ആധാരം. ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം ഗൗരവത്തിൽ പരിശോധിക്കുകയാണ് വേണ്ടത്. മറ്റ് അടിസ്ഥാനസൗകര്യങ്ങളെല്ലാം ഉണ്ടായിട്ടും കേരളം ഒരു സുരക്ഷിതമായ സ്റ്റേറ്റ് അല്ല എന്നുള്ള impression പരക്കുന്നത് ഇൻവെസ്റ്റ്മെന്റിനും ടൂറിസത്തിനും ബാക്കിയെല്ലാ കാര്യത്തിനും തകരാറാണ്. അതുകൊണ്ട് ഓവർ പൊളിറ്റിക്കൽ കൺട്രോളാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങളിലേയ്ക്ക് നീങ്ങുന്നതെന്ന ആരോപണം ബഹുമാനപ്പെട്ട ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ചർച്ച ചെയ്യുകയായിരുന്നു വേണ്ടത്. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, 'ക്രിമിനൽ കേസ്സിൽ പ്രതികളായ എത്ര

പോലീസുകാരുണ്ട്' എന്ന ചോദ്യത്തിന് 828 എന്ന് മറുപടി നൽകി. പക്ഷേ പിന്നീടുള്ള ചോദ്യങ്ങൾക്കൊന്നും വ്യക്തമായ മറുപടിയില്ല. ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കേണ്ടൊരു വിഷയമാണ്. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന മറുപടിയാണ് ഇവിടെ സൂചിപ്പിച്ചത്. അങ്ങനെയൊരു മറുപടിയല്ല ഒരു സാമാജികൻ ചോദിക്കുന്ന ചോദ്യത്തിന് മറുപടിയായി ലഭിക്കേണ്ടത്. ആഭ്യന്തര വകുപ്പിൽ ഇതിന് മറുപടികൾ ഇല്ലാത്തതുകൊണ്ടല്ല. ഈ മറുപടികൾ നൽകാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് തയ്യാറാകുന്നില്ല എന്നതാണ്. അതുതന്നെയാണ് ഞങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. വലിയ ആക്ഷേപങ്ങൾ  പോലീസ് സേനയിലെ ഏതാനും ഉദ്യോഗസ്ഥർക്കെതിരെ ഉണ്ടാകുന്നുവെന്നത് ഗൗരവമായി കാണേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ള വിഷയങ്ങളെ എതിർക്കാനും അങ്ങനെയുള്ളവരെ സർവ്വീസിൽനിന്ന് ടെർമിനേറ്റ് ചെയ്യാനുള്ള നടപടികളാണുണ്ടാകേണ്ടത്. തീർച്ചയായും അതിന് നല്ലൊരു മാതൃക സൃഷ്ടിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ ഇവിടെ സംഭവിക്കുന്നത് ഇങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നു. ഈ ഉത്തരം തന്നെ  അതിനുള്ള വലിയ ഉദാഹരണമായി ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ

പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഒറ്റപ്പെട്ട സംഭവങ്ങളുടെ പെരുമഴക്കാലമാണ്. എല്ലാ സംഭവങ്ങളെയും ആ രൂപത്തിലാണ് സർക്കാർ സമീപിക്കുന്നത്. പട്രോളിംഗ് പോലീസും പിങ്ക് പട്രോളിംഗും ഉണ്ടായിട്ടും കൊച്ചിയിലെ പ്രധാന നഗരത്തിൽ വച്ച് ഒരു പെൺകുട്ടിയെ വണ്ടിയിൽവച്ച് പീഡിപ്പിച്ച സംഭവം നമ്മൾ കേട്ടതാണ്. നേരത്തെ പ്രമുഖയായ ഒരു നടിക്കും ഇതേ അനുഭവമായിരുന്നു. ഇത്തരം സംഭവങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. പോലീസിനെ അമിതമായി രാഷ്ട്രീയവത്കരിക്കുന്ന ഒരു സാഹചര്യമുണ്ടാകുന്നു. ഇത്തരം സംഭവങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ടു പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)